



# വചനസന്ദേശം

റവ. ഫാ. പോൾ അമ്പൂക്കൻ

നമ്മുടെ കർത്താവിന്റെ രാജത്വതിരുനാളാണിന്ന്. ആരാധനക്രമവത്സരത്തിലെ അവസാനത്തെ ആഴ്ച. ദാസന്റെ രൂപം ധരിച്ചു കാലിത്തൊഴുത്തിൽ അവതീർണനായവൻ രാജാധിരാജനായി മഹത്ത്വം പ്രാപിച്ചതിനെക്കുറിച്ചാണു നാം ധ്യാനിക്കേണ്ടത്. പിതാവിന്റെ വലതുവശത്തിരിക്കുന്ന പുത്രൻ തമ്പുരാനാണ്, താനെന്നും ദാവീദ് രാജാവിനുപോലും ഇക്കാര്യങ്ങൾ സുനിശ്ചിതമായിരുന്നെന്നും ആത്മാവിനാൽ പ്രചോദിതനായി അദ്ദേഹം ഈ കാര്യം പ്രഘോഷിച്ചിട്ടുണ്ടെന്നും കർത്താവു ഫരിസേയരോടു പറയുന്ന ഭാഗമാണ് ഇന്നത്തെ സുവിശേഷം. വംശമുറയനുസരിച്ച് താൻ ദാവീദിന്റെ ഗോത്രത്തിൽ പിറന്നെങ്കിലും ദാവീദിന്റെയും കർത്താവാണ് താനെന്ന് അവിടുന്നു പ്രഖ്യാപിക്കുന്നു. ഒപ്പം സ്വർഗത്തിന്റെയും ഭൂമിയുടെയും അധിപനാണു താനെന്നും കർത്താവു പഠിപ്പിക്കുന്നു. യേശുവിന്റെ വ്യക്തിത്വത്തിലേക്ക് ആഴമേറിയ ഉൾക്കാഴ്ച നല്കുന്നതാണ് ഇന്നത്തെ സുവിശേഷഭാഗം. മിശിഹായെക്കുറിച്ചു യഹൂദർ കാത്തുസൂക്ഷിച്ചിരുന്ന വിശ്വാസവും അതിനു ബലം നല്കുന്ന ഒരു സങ്കീർത്തനവാക്യവും ചോദ്യവിഷയമാക്കിക്കൊണ്ട് ഈ തിരുവചനത്തിന്റെ ആഴമേറിയ അർത്ഥതലങ്ങളിലേക്കു നമ്മെ ക്ഷണിക്കുന്നു. മനുഷ്യാവതാരത്തിന്റെ മുന്നറിയിപ്പായ മംഗലവാർത്തയിൽ തുടങ്ങുന്ന രക്ഷാചരിത്രം അതിന്റെ പരിസ്മാപ്തിയിൽ എത്തുന്നതു ദൈവരാജ്യം ഈ ഭൂമിയിൽ പൂർണമായി സ്ഥാപിക്കപ്പെടുന്നതോടെയാണ്. അഥവാ ഈ പ്രപഞ്ചം പൂർണമായും ദൈവരാജ്യമായി നവീകരിക്കപ്പെടുന്നതോടെയാണ്. അവൻ എല്ലാ ഭരണവും അധികാരവും ശക്തിയും നിർമ്മാർജ്ജനം ചെയ്ത്, രാജ്യം പിതാവായ ദൈവത്തിനു സമർപ്പിക്കുമ്പോൾ എല്ലാറ്റിന്റെയും അവസാനമാകും. എന്തെന്നാൽ സകല ശത്രുക്കളെയും തന്റെ പാദസേവകരാക്കുന്നതുവരെ അവിടുന്നു വാഴേണ്ടിയിരിക്കുന്നു... ഇത് എല്ലാവർക്കും എല്ലാം ആകേണ്ടതിനാണ്" (1. കോറി. 15:24–26). തിന്മയുടെ സകല ശക്തികളെയും തോല്പിച്ചു ഉന്മൂലനം ചെയ്തു ദൈവം തന്റെ രാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കും എന്ന വിശ്വാസം ഈ തിരുനാൾ ആഘോഷത്തിലൂടെ സഭ ഏറ്റുപറയുന്നു.

നിങ്ങൾ ക്രിസ്തുവിനെപ്പറ്റി എന്തു വിചാരിക്കുന്നു? അവൻ ആരുടെ പുത്രനാണ് (22, 42) എന്ന ചോദ്യത്തിന് ഏതു യഹൂദബാലനും ഉത്തരം പറയാൻ കഴിയും. അതാണു യേശു പ്രതീക്ഷിച്ചതും നേതാക്കൾ പറഞ്ഞതും: "ദാവീദിന്റെ" ഇസ്രായേൽജനത്തിന്റെ സുപ്രധാനമായൊരു വിശ്വാസവും പ്രതീക്ഷയുമായിരുന്നു വരാനിരിക്കുന്ന രക്ഷകൻ ദാവീദ് വംശത്തിൽ ജനിക്കുന്ന രാജാവായിരിക്കും എന്നത്. ബാബിലോൺ പ്രവാസത്തോടെ രാജ്യഭരണം അവസാനിച്ചെങ്കിലും വീണ്ടും ഒരു രാജാവു വരും. അവൻ ദാവീദിന്റെ വംശത്തിൽ പിറന്നവനായിരിക്കും. അവൻ ദാവീദിനെപ്പോലെ ജനത്തിനു സംരക്ഷണം നല്കുക മാത്രമല്ല, ഇസ്രായേലിന്റെ ഏറ്റവും വലിയ സാമ്രാജ്യമായി ഉയർത്തും. സകല ജനതകളും കാഴ്ചകളുമായി ജെറുസലേമിലേക്കു വരുമെന്നും അവർ ഉറച്ചു വിശ്വസിച്ചു. പ്രാർത്ഥനയോടെ അവർ കാത്തിരുന്നു. അനേകം പ്രവചനങ്ങൾ ഈ പ്രതീക്ഷയ്ക്കു കരുത്തു പകർന്നു. ഇപ്രകാരം വരുന്ന രാജാവിനെ അവർ മിശിഹാ അഥവാ ക്രിസ്തു എന്നു വിശേഷിപ്പിച്ചു. കാരണം അഭിഷിക്തനായ രാജാവായിരിക്കും അയാൾ എന്ന് അവർ ഉറച്ചു വിശ്വസിച്ചു. ഈ വിശ്വാസം യേശുവിന്റെ കാലത്ത് ഏറെ സജീവമായിരുന്നു. വരാനിരിക്കുന്ന രക്ഷകനെക്കുറിച്ചുള്ള പ്രതീക്ഷകളിൽ ഏറ്റവും മുൻപന്തിയിൽനിന്നതു ദാവീദിന്റെ പുത്രനായ മിശിഹാ രാജാവിനെക്കുറിച്ചായിരുന്നു.

പക്ഷേ, ഈ രാജാവു രാജസങ്കല്പങ്ങളെ മാറ്റിമറിച്ചു. തന്റെ ജന്മാവകാശത്തിന്റെ വൈശിഷ്ട്യംകൊണ്ടുതന്നെ, എല്ലാറ്റിന്റെയും ഏറ്റവും ശ്രേഷ്ഠമായത് അദ്ദേഹത്തിന് അവകാശപ്പെട്ടതായിരുന്നു. എന്നാൽ തന്റെ കിരീടം നേരെയാക്കുകയും മിനക്കുകയും ഉറപ്പിക്കുകയും ചെയ്യുക എന്നതിനേക്കാൾ അദ്ദേഹമത് എടുത്തുമാറ്റുകയാണുണ്ടായത്. പകരം അദ്ദേഹം മുക്കുവന്റെ വലയും ദാസന്റെ അലക്കുതുണിയും കിണർവക്കത്തെ കാലിബക്കറ്റും അപരന്റെ കാല്പാദങ്ങളും വേദനിക്കുന്നവന്റെ കണ്ണീരും വിലയ്ക്കെടുത്തു രാജ്യവും പ്രജകളും സേവനത്തിനും ശുശ്രൂഷയ്ക്കും വേണ്ടി മാത്രമായി, അദ്ദേഹം രാജ്യഭരണസങ്കല്പങ്ങളെ മാറ്റിമറിച്ചു. അധികാരബോധവും അധികാരമോഹവും അദ്ദേഹത്തിനുണ്ടായില്ല. ദൈവത്തോടുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി അദ്ദേഹം പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ചു.

ക്രിസ്തു യുഗങ്ങളായി ജനഹൃദയങ്ങളിൽ രാജാവായി നിലകൊള്ളുന്നതിന്റെ കാരണം ഇതാണ്. അവൻ അധികാരം പ്രയോഗിക്കാൻ വന്നവനല്ല. ദാസനാകാൻ വന്നവനാണ്. അരയിലെ കച്ചയും പാത്രത്തിലെ വെള്ളവും ശിഷ്യന്മാരുടെ പാദങ്ങളും ഈ രാജാവിന്റെ ശുശ്രൂഷയ്ക്കു സാക്ഷ്യം വഹിച്ചു. മേലങ്കി ചുറ്റി കസേരയിൽ ഇരിക്കുന്നവനല്ല, കച്ചയൂരി സഹോദങ്ങൾക്കു പാദസേവ ചെയ്യലാണു രാജകീയത് എന്ന് അവൻ പഠിപ്പിച്ചു. അംഗീകാരത്തിനുവേണ്ടി അധികാരം കൊടുക്കുന്നവരും അധികാരത്തിനുവേണ്ടി അംഗീകാരത്തിന്റെ പുറകെ പോകുന്നവരും, തിരിച്ചറിയേണ്ട സത്യം എളിമയും ശുശ്രൂഷയും സ്നേഹവും ഒരു രാജാവിന്റെ പ്രത്യേകതകളാക്കിയ ക്രിസ്തു ഒരു യഥാർത്ഥ രാജാവായിരുന്നു, ഇന്നും രാജാവാണ്, എന്നും എന്നേക്കും ആയിരിക്കുകയും ചെയ്യും.